ഉത്തരം

(എ) 2011-12 മുതൽ 2013-14 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിച്ച റവന്യൂ കമ്മി, യഥാർത്ഥ റവന്യൂ കമ്മി എന്നിവയുടെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്:

(തുക കോടിയിൽ)

വർഷം	പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം	യഥാർത്ഥ കമ്മി
2011-12	5471.66	8034.26
2012-13	3406.44	9351.44
2013-14	6208.35	11308.56

(ബി) ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 2014-15 സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന റവന്യൂ കമ്മി 7131.69 കോടി രൂപയാണ്. അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം നടപ്പുവർഷം ഒക്ടോബർ മാസം അവസാനിക്കുമ്പോഴുള്ള റവന്യൂ കമ്മി 6349.09 കോടി രൂപയാണ്. നടപ്പു സാമ്പത്തിക വർഷത്തേയുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നതേയുള്ളൂ.

പത്താം ശമ്പള കമ്മീഷൻ പ്രവർത്തനം

121 (4112) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താം ശമ്പളകമ്മീഷന്റെ കാലാവധി എന്നാണ് പൂർത്തീകരിക്കുന്നത്;

(ബി) നിലവിലുള്ള കാലാവധിക്കുള്ളിൽ ശമ്പളക്കമ്മീഷൻ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇത്തരം കാര്യങ്ങൾ ശമ്പള കമ്മീഷനുമായി ചർച്ച ചെയ്തിട്ടുണ്ടോ ;

(ഡി) ജീവനക്കാർക്കും അദ്ധ്യാപകർക്കും ഇടക്കാലാശ്വാസം അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ കാലാവധി 2015 ജൂൺ മാസം 30-ാം തീയതി വരെയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കാലാവധിക്കുള്ളിൽതന്നെ ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ സർക്കാരിന് സമർപ്പിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ശമ്പളക്കമ്മീഷനുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് കാലാവധി ദീർഘിപ്പിച്ചുനൽകിയത്.

(ഡി) ജീവനക്കാർക്കും അദ്ധ്യാപകർക്കും ഇടക്കാലാശ്വാസം അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

ശമ്പളം, പെൻഷൻ എന്നീ ഇനങ്ങളിൽ സർക്കാരിന്റെ ബാദ്ധ്യത

122 (4113) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അരിയേഴ്സ് ഓഫ് സാലറീസ് ആൻഡ് പെൻഷൻ, പങ്കാളിത്ത പെൻഷൻ കോൺട്രിബ്യൂഷൻ എന്നീ ഇനങ്ങളിൽ കുടിശ്ശികയായിട്ടുള്ള സർക്കാരിന്റെ ബാധ്യത ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം എത്ര വീതമാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

ശമ്പളം, പെൻഷൻ എന്നീയിനങ്ങളിൽ കുടിശ്ശിക കൊടുത്തുതീർക്കാൻ അവശേഷിക്കുന്നില്ല. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളായ സംസ്ഥാന ജീവനക്കാർക്ക് 2013-14 സാമ്പത്തിക വർഷംവരെയും അഖിലേന്ത്യാ ജീവനക്കാർക്ക് 2014-15 സാമ്പത്തിക വർഷംവരെയുള്ള ഗവൺമെന്റ് വിഹിതം കുടിശ്ശികയായിട്ടുണ്ട്. പ്രസ്തുത കുടിശ്ശിക തീർപ്പാക്കുന്നതിലേയ്ക്കായി 15 കോടി രൂപ നടപ്പുവർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് അവലോകനം

123 (4114) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തനത്തെ കുറിച്ച് അവലോകനം നടത്താറുണ്ടോ; അവസാന അവലോകന യോഗം നടന്നത് എന്നാണ്;

(ബി) ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തുന്ന ക്രമക്കേടുകളിന്മേൽ എടുത്ത നടപടി എന്താണെന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly